# JANAYUGAM - 09-10-2025

## നൂതന പരിശീലന പരിപാടിയുമായി കേന്ദ്ര മത്സ്യ ഗവേഷണ കേന്ദ്രം




ഐസിഎആർ-സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയുടെ ആഭിമുഖ്യത്തിൽ ഡാറ്റ വിശകലനത്തിനായി അഡ്വാൻസ്ഡ് കമ്പ്യൂട്ടേഷണൽ സോഫ്റ്റ്വെയർ എങ്ങനെ പ്രയോജനപ്പെടുത്താം എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന ദേശീയപരിശീലന പരിപാടിക്ക് തുടക്കമായി. അഞ്ച് ദിവസം നീണ്ടുനിൽക്കുന്ന പരിപാടി കൊച്ചിയിലെ വില്ലിംഗ്ഡൺ ഐലൻഡിലുള്ള ഐസിഎആർ-സിഐഎഫ്ടി ആസ്ഥാനത്താണ് സംഘടിപ്പിക്കുന്നത്. ഐസിഎആർ-സിഐഎഫ്ടി ഡയറക്ടർ ഡോ. ജോർജ്ജ് നൈനാൻ ഉദ്ഘാടനം ചെയ്തു. ഈ മാസം 14ന് സമാപിക്കും. ഐസിഎആർ-സിഐഎഫ്ടിയുടെ നോർത്ത് ഈസ്റ്റ് സ്കീമിന് കീഴിലായാണ് ട്രെയിനിംഗ് സംഘടിപ്പിച്ചിരിക്കുന്നത്. ഇന്ത്യയുടെ വടക്കുകിഴക്കൻ മേഖലയിൽ നിന്നുള്ള ഫിഷറീസ് മേഖലയിൽ ഗവേഷണം നടത്തുന്ന വിദ്യാർത്ഥികൾ ആണ് പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നത്. മത്സ്യമേഖലയുമായി ബന്ധപ്പെട്ട നൂതന സോഫ്റ്റ്വെയറുകളെക്കുറിച്ചും ആപ്ലിക്കേഷനുകളെക്കുറിച്ചും ഈ പരിശീലനത്തിലൂടെ വിദ്യാർത്ഥികൾക്ക് അറിവ് ലഭ്യമാകുമെന്നും ഐസിഎആർ-സിഐഎഫ്ടി ശാസ്ത്രജ്ഞർ അറിയിച്ചു.